DESPATCHED
On. 20/2/2020
31/01/2020



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.3119(4)/2014/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.19502/SIC-Gen 2/2014**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. കെ.എസ്. സക്കറിയാസ്,
കുളപ്പുറം ഈസ്റ്റ്,
വിളയാങ്കോട് പി.ഒ.,
കണ്ണൂർ –670 501.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & മാനേജർ,
   വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,
   തിരുവനന്തപുരം – 33.

2. അപ്പീൽ അധികാരി & പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്),
   പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
   വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,
   തിരുവനന്തപുരം – 33.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഖാദി ബോർഡിന്റെ കീഴിൽ ഏറ്റുകുടുക്കയിൽ പ്രവർത്തിക്കുന്ന പരുത്തി സംസ്ക്കരണ കേന്ദ്രത്തിൽ അഴിമതി നടന്നു എന്നാരോപിച്ച് നൽകിയ പരാതിയിന്മേൽ വിജിലൻസ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ചോദിച്ചിട്ട് ലഭിച്ചില്ല എന്നതാണ് അപ്പീലിന് ആധാരമായ വിഷയം.

2. ഇതുമായി ബന്ധപ്പെട്ട് 07.01.2015ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് രണ്ടാം എതിർകക്ഷി 21.01.2015ൽ റിപ്പോർട്ട് സമർപ്പിച്ചു. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട റിപ്പോർട്ട് വിജിലൻസിന്റെ സൂക്ഷ്മ പരിശോധനയിൽ ആയതിനാൽ, പകർപ്പ്, വിവരാവകാശ നിയമത്തിന്റെ 8(1)h വകുപ്പ് അനുസരിച്ച് നൽകാൻ കഴിയില്ല എന്ന കാര്യം അപ്പീൽ ഹർജിക്കാരനെ അറിയിച്ചിട്ടുള്ളതാണ് എന്ന് റിപ്പോർട്ടിൽ പറഞ്ഞു. റിപ്പോർട്ട് വകുപ്പുതല നടപടി, റിക്കവറി, സ്ഥലം മാറ്റം തുടങ്ങിയ ശുപാർശകളോട് 08.01.15ൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ് എന്നും,

ഇതിന്മേൽ മറ്റ് അറിയിപ്പുകൾ ഒന്നും സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല എന്നും റിപ്പോർട്ടിൽ തുടർന്നു പറഞ്ഞു.

3. ഇതിനുശേഷം 31.01.2020ൽ കമ്മീഷൻ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിങ് നടത്തി. ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

4. നേരത്തെ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിങിലും വിശദീകരിച്ചു. SC 66/2013/KNR എന്ന മിന്നൽ പരിശോധനാ റിപ്പോർട്ട് 18.01.2015ലെ E13 (SC 66/2013/KNR) 36631/2013 നമ്പർ കത്ത് പ്രകാരം സർക്കാരിലേക്ക് അയയ്ക്കുകയും സർക്കാർ റിപ്പോർട്ട് അംഗീകരിച്ച് തുടർ നടപടികൾക്കായി വ്യവസായ വകുപ്പിന് കൈമാറിയതായി 10.04.2015 463/B1/2015/VIG നമ്പർ കത്ത് പ്രകാരം അറിയിപ്പ് ലഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന് റിപ്പോർട്ടിൽ പറഞ്ഞു. ഇതു പ്രകാരം അപ്പീൽ ഹർജിക്കാരന് ലഭിച്ച മറുപടികളുടെ പകർപ്പുകളും ടിയാൻ ഹിയറിങ് വേളയിൽ ഹാജരാക്കി.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ ടിയാൻ പറയുന്ന വാദം വസ്തുതാപരമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിന്മേലുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് മുമ്പ് അതു പുറത്തു വിടാൻ കഴിയുകയില്ലെന്ന ഒന്നാം എതിർകക്ഷിയുടെ വാദം നിയമപരമാണെന്നും കമ്മീഷൻ വിലയിരുത്തുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ജനുവരി മാസം 31–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.

RIGHT TO INFORMATION